**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായിരുന്ന ശ്രീ. ആർ. സുരേഷ് കുമാറിനെ സേവനത്തിൽ നിന്നും പിരിച്ചുവിട്ട തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.53/2020/തസ്വഭവ — തീയതി, തിരുവനന്തപുരം, 04.01.2020

===========================================================

പരാമർശം: 1. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.04.2015-ലെ ഡി-11105/12 നമ്പർ നടപടിക്രമങ്ങൾ

2. ശ്രീ. ആർ. സുരേഷ് കുമാർ 25.02.2016-ൽ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ

3. ശ്രീമതി. വിമലമ്മ എസ്. (M/o ശ്രീ. എസ്. സുരേഷ് കുമാർ) സമർപ്പിച്ച 16.12.2017-ലെ അപ്പീൽ അപേക്ഷ

4. പഞ്ചായത്ത് ഡയറക്ടറുടെ 06.06.2018-ലെ ഡി3-7176/2016 നമ്പർ കത്ത്

5. പഞ്ചായത്ത് ഡയറക്ടറുടെ 05.04.2019-ലെ ഡി3-7176/2016 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ എൽ.ഡി. ക്ലാർക്ക് ആയി ജോലി നോക്കിയിരുന്ന ശ്രീ. ആർ. സുരേഷ് കുമാർ 04.09.2012 മുതൽ 29.09.2012 വരെയും തുടർന്ന് 03.10.2012 മുതലും അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇനിയും സേവനത്തിൽ തുടരാൻ സാധ്യതയില്ലാത്ത ശ്രീ. ആർ. സുരേഷ് കുമാറിനെ 1960-ലെ കെ.സി.എസ്. (സി.സി.&എ.) ചട്ടങ്ങൾക്ക് വിധേയമായി ശ്രീ. ആർ. സുരേഷ് കുമാർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന 05.09.2012 മുതൽ മുൻകാല പ്രാബല്യത്തോടെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (1) നടപടിക്രമങ്ങൾ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. ആർ. സുരേഷ് കുമാറിന്റെ മാതാവ് പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ശ്രീ. ആർ. സുരേഷ് കുമാർ അവധി അനുവദിച്ച് കിട്ടാതെ ജോലിക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് സേവനത്തിൽ നിന്നും പിരിച്ചു വിട്ടതായും ജോലി സ്ഥലത്തു വച്ച് സുഖമില്ലാതായതിനെ തുടർന്ന് ബാംഗ്ലൂരിൽ സ്ഥിരതാമസമായിരുന്നതിനാൽ ടിയാന് വകുപ്പിൽ നിന്ന് ഇത് സംബന്ധിച്ച സമയാസമയങ്ങളിൽ അയച്ച നോട്ടീസുകൾ കൈപ്പറ്റുന്നതിന് സാധിക്കാത്തതിനാൽ വിവരങ്ങൾ ഒന്നും യഥാസമയം അറിയാൻ കഴിഞ്ഞിട്ടില്ലാത്തതായും തിരികെ സ്ഥലത്തെത്തിയപ്പോഴാണ് സേവനത്തിൽ നിന്നും നീക്കം ചെയ്ത വിവരം അറിയാൻ കഴിഞ്ഞതെന്നും ജീവിക്കുവാൻ ആകെയുള്ള ജോലിയിൽ പുനഃപ്രവേശിപ്പിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

മേൽ അപ്പീൽ അപേക്ഷയിന്മേൽ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ശ്രീ. ആർ. സുരേഷ് കുമാർ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായിരിക്കെ 04.09.2012 മുതൽ 29.09.2012 വരെയും 03.10.2012 മുതൽ തുടർച്ചയായും

ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനായി ഓഫീസിൽ ഹാജരാവുകയോ, അവധി അപേക്ഷ നൽകുകയോ ചെയ്യാത്തതിനാൽ 1960 ലെ കെ.സി.എസ് (സി സി & എ) ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 05.09.2012 മുതൽ മുൻകാല പ്രാബല്യത്തോടെ സേവനത്തിൽ നിന്നും നീക്കം ചെയ്തിരുന്നുവെന്നും അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കുറ്റാരോപണ മെമ്മോ കൈപ്പറ്റുകയോ അതിന് ശേഷം നൽകിയ കത്തുകൾ കൈപ്പറ്റുകയോ ജോലിയിൽ പുനഃപ്രവേശിക്കുന്നതിനുള്ള യാതൊരു നീക്കവും ടിയാന്റെ ഭാഗത്തു നിന്ന് ഉണ്ടാവുകയോ ചെയ്തിട്ടില്ലെന്നും ജോലിയിൽ പ്രവേശിച്ച ശേഷം ചുരുക്കം ചില ദിവസങ്ങളിൽ മാത്രമാണ് ടിയാൻ ഓഫീസിൽ ഹാജരായിട്ടുള്ളതെന്നും ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസ് മടങ്ങി വന്നതിനെ തുടർന്ന് 23.03.2014-ലെ മലയാള മനോരമ ദിനപത്രത്തിൽ ആയത് പ്രസിദ്ധികരിക്കുകയും ടിയാന്റെ പേരിൽ അയച്ച കാരണം കാണിക്കൽ നോട്ടീസ് കുറ്റാരോപണ മെമ്മോ എന്നിവ കൈപറ്റാതെ Unclaimed and returned to sender എന്ന തപാൽ അധികൃതരുടെ കുറിപ്പോടെ മടങ്ങുകയുമാണുണ്ടായതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 17.05.2018-ൽ ടിയാനെ നേരിൽ കേൾക്കുകയും പഞ്ചായത്തിലെ കഠിനമായ ജോലിത്തിരക്ക് കാരണം ഗുരുതരമായ മാനസിക സംഘർഷം, ഭീഷണി എന്നിവ ഭയന്നാണ് ജോലിയിൽ നിന്നും പിന്തിരിഞ്ഞത് എന്നും ഇപ്പോൾ ടിയാന് ജീവിതമാർഗ്ഗങ്ങൾ ഇല്ലാതെ കഷ്ടപെടുകയാണെന്നും തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സുരേഷ് കുമാറിന്റെ പരിതാപകരമായ അവസ്ഥ പരിഗണിച്ച് ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും അനുസരിച്ച് വിശദമായി പരിശോധിച്ചു. കെ.സി.എസ്. (സി.സി.&എ) ചട്ടം 11 (1)-ൽ പരാമർശിക്കുന്ന ശിക്ഷകൾ മുൻകാല പ്രാബല്യത്തിൽ നല്കാൻ വ്യവസ്ഥയില്ല. ഉത്തരവ് തീയതി മുതൽ മാത്രമേ പ്രസ്തുത ശിക്ഷകൾ പ്രാബല്യത്തിൽ വരുത്താനാകുകയുള്ളൂ. അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ജീവനക്കാരനെ അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെന്റ് ചെയ്യുന്ന പക്ഷം പ്രസ്തുത ജീവനക്കാരനെ സർവീസിൽ നിന്നും നീക്കം/പുറത്താക്കൽ ചെയ്യുന്നതിന് ശിക്ഷണാധികാരി തീരുമാനിക്കുന്ന സന്ദർഭത്തിൽ സസ്പെൻഷൻ തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ Removal from service/Dismissal from service എന്ന ശിക്ഷ നൽകുവാൻ സാധിക്കും. ഈ കേസിൽ ശ്രീ. ആർ. സുരേഷ് കുമാറിനെ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (1) ലെ നടപടി ക്രമപ്രകാരം 05.09.2012 മുതൽ മുൻകാലപ്രാബല്യത്തോടെ സേവനത്തിൽ നിന്നും നീക്കം ചെയ്തതായി കാണുന്നു. എന്നാൽ ടിയാനെ സസ്പെന്റ് ചെയ്തിരുന്നതായി നടപടി ക്രമത്തിൽ പരാമർശിച്ചിട്ടില്ലാത്തതും ഫയൽ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. സസ്പെന്റ് ചെയ്തിട്ടില്ലാത്ത ഒരാളെ അനധികൃതമായി അവധിയിൽ പ്രവേശിച്ച ദിവസം മുതൽ മുൻകാല പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്യുന്നത് ക്രമവിരുദ്ധമാണ് എന്നു കാണുന്നു.

അച്ചടക്ക നടപടി സംബന്ധിച്ച താഴെത്തട്ടിലുള്ള ഏതൊരു അധികാരി തീർപ്പാക്കിയ ഉത്തരവ് അല്ലെങ്കിൽ അപ്പീലിന്മേലുള്ള ഉത്തരവും 1960 -ലെ കെ.സി.എസ്. (സി.സി.&എ) ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം റിവ്യൂ ചെയ്യുവാൻ സർക്കാരിന് അധികാരമുണ്ട്. പ്രസ്തുത ചട്ടപ്രകാരം കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരുന്ന ശ്രീ. ആർ. സുരേഷ് കുമാർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിന്റെ പേരിലും അനുമതിയില്ലാതെ നാട്ടുവിട്ടു പോയതിനും ശ്രീ. സുരേഷ് കുമാറിനെ മുൻകാല പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്ത തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (1) നടപടി കെ.സി.എസ്. (സി.സി.&എ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചല്ല പുറപ്പെടുവിച്ചത് എന്നു കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ 1960-ലെ കെ.സി.എസ്.(സി.സി.&എ)

ചട്ടങ്ങളിലെ ചട്ടം 34-ലെ അധികാരം വിനിയോഗിച്ച് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (1) നടപടിക്രമങ്ങൾ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. ആർ. സുരേഷ് കുമാറിനെതിരായ അച്ചടക്ക നടപടിയിൽ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ നിയമപിൻബലമില്ലാത്തതിനാലാണ് പരാമർശം (1) നടപടിക്രമം ചട്ടം 34 പ്രകാരം റദ്ദ് ചെയ്യുന്നുവെങ്കിലും അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും അയയ്ക്കുന്ന നോട്ടീസിന് മറുപടി നൽകാതിരിക്കുകയും ചെയ്യുന്ന ഗുരുതരമായ കൃത്യവിലോപംതന്നെ ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട് എന്നതിനാൽ ടിയാന്റെ അച്ചടക്ക രാഹിത്യത്തിനെതിരെ സ്വീകരിക്കേണ്ടുന്ന തുടർനടപടി സംബന്ധിച്ച് പിന്നാലെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. ആർ. സുരേഷ് കുമാർ, മുൻ എൽ.ഡി. ക്ലാർക്ക്, കൊല്ലയിൽ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (യു.ഒ. റിമാർക്സ് നം.അഡൈ്വസ്-ബി2/113/2018-ഉഭപവ പ്രകാരം)
7. നിയമ (ഉപദേശം ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.13881/ഉപദേശം ഡി3/19/നിയമം തീയതി 21.08.2019 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/6/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ